# രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ ക്ളാസ്

**"ദന്ത സംരക്ഷണം വിഭിന്ന ശേഷി കുട്ടികളിൽ"**

**റിപ്പോർട്ട്**

**തീയതി : 18.11.2022**

ഐക്കോൺസ് ഷൊർണ്ണൂർ കേന്ദ്രത്തിൽ ഐക്കോൺസിന്റെ രജത ജൂബിലി പരിപാടിയുടെ ഭാഗമായി 18.11.2022 നു 11 മണിക്ക് രക്ഷിതാക്കൾക്കായി ദന്ത സംരക്ഷണം - വിഭിന്ന ശേഷി കുട്ടികളിൽ എന്ന വിഷയത്തിൽ ബോധ വത്ക്കരണ ക്ളാസ് നടത്തി. ഐക്കോൺസും റോയൽ ദന്തൽ കോളേജിലും സംയുക്തമായാണ് പ്രസ്തുത ക്ളാസ് സംഘടിപ്പിച്ചത്. റോയൽ ദന്തൽ കോളേജിലെ പി. ജി വിദ്യാർത്ഥികളായ ഡോ.ഫസീല , ഡോ.ജോൺസ് സാജൻ, ഡോ. ടിങ്കിൾ എൽസ ജേക്കബ് എന്നിവർ ക്ളാസ്സിനു നേതൃത്വം നൽകി. രക്ഷിതാക്കളും വിദ്യാർത്ഥികളുമായി നൂറോളം പേർ ക്യാമ്പിൽ പങ്കെടുത്തു. വിഭിന്നശേഷി കുട്ടികളിൽ ഉണ്ടായേക്കാവുന്ന ദന്ത സംബന്ധമായ വിഷയങ്ങൾ, അസുഖങ്ങൾ, അതിനുള്ള കാരണങ്ങൾ, പരിഹാരങ്ങൾ, പ്രതിവിധികൾ എന്നിവ വളരെ വിശദമായി പ്രതിപാദിച്ചു. ബോധവത്ക്കരണ ക്ളാസ്സിനു ശേഷം രക്ഷിതാക്കളുടെ സംശയദൂരീകരണവും നടത്തി. . രാവിലെ 11.00 മണിക്ക് ആരംഭിച്ച ക്ളാസ് ഉച്ചയ്ക്ക് 1.00 മണിക്ക് സമാപിച്ചു



